


# കർമ്മാതീതം

*അവ്യക്ത ബാപ്ദാദ*

കർമ്മാതീത അവസ്ഥയെന്നാൽ ബന്ധനമുക്തം, യോഗയുക്തം, ജീവൻമുക്തം. കർമ്മാതീതം എന്നാൽ സർവ്വ കർമ്മബന്ധനങ്ങളിൽ നിന്നും മുക്തമായി, വേറിട്ടവരായി, പ്രകൃതിയിലൂടെ നിമിത്തമാത്രമായി കർമ്മം ചെയ്യുക.

കർമ്മാതീതാവസ്ഥ ഉണ്ടാകണമെങ്കിൽ എല്ലാ വ്യക്തി, വസ്തു, കർമ്മം എന്നിവയുടെ ബന്ധനത്തിനും അതീതമാകണം, വേറിടണം. കർമ്മാതീതമെന്നാൽ കർമ്മത്തിൽ നിന്നും വേറിടുന്നതല്ല. കർമ്മത്തിന്റെ ബന്ധനത്തിൽ നിന്നും വേറിട്ടത്. വേറിട്ടവരായി കർമ്മം ചെയ്യുകയെന്നാലർത്ഥം കർമ്മത്തിൽ നിന്നും വേറിടുക. സമ്പൂർണ്ണമാകുകയെന്നാൽ തീരങ്ങളെയെല്ലാം ഉപേക്ഷിക്കുക. തീരം ഉപേക്ഷിക്കുകയെന്നാൽ മറുതീരത്തെത്തുക, ഒരേയൊരു അവിനാശി ആശ്രയം ഉണ്ടായിരിക്കുക. വ്യക്തിയെയോ, വൈഭവത്തെയോ, വസ്തുവിനെയോ ആശ്രയമാക്കരുത്. ഇങ്ങിനെയാണ് കർമ്മാതീതം എന്ന് പറയുന്നത്.

ബാബയെ സർവ്വ സ്വരൂപങ്ങളിലൂടെയും സർവ്വ ബന്ധങ്ങളിലൂടെയും അറിയേണ്ടത് ആവശ്യമായതുപോലെ ബാബയിലൂടെ തന്നെയും അറിയേണ്ടത് ആവശ്യമാണ്. അറിയുകയെന്നാൽ അംഗീകരിക്കുക. ഞാൻ ആരാണോ, എങ്ങനെയാണോ, അതുപോലെ അംഗീകരിച്ച് നടക്കുമെങ്കിൽ ഏത് സ്ഥിതിയുണ്ടാകും? ദേഹത്തിലിരിക്കെ വിദേഹി, വ്യക്തത്തിലിരിക്കെ അവ്യക്തം, നടക്കുമ്പോഴും സഞ്ചരിക്കുമ്പോഴും ഫരിശ്ത, കർമ്മം ചെയ്യുമ്പോഴും കർമ്മാതീതം.

കർമ്മാതീത അവസ്ഥയുടെ സമീപം എത്തിച്ചേരുന്നതിന്റെ അടയാളം അറിയാമോ? സമീപതയുടെ അടയാളമാണ് സമാനത. ഏത് കാര്യത്തിൽ? ശബ്ദത്തിന് ഉപരിയാകുക,
സാകാര സ്വരൂപത്തിൽ കർമ്മയോഗിയാകുക-സാകാര സ്മൃതിയ്ക്കും ഉപരി വേറിട്ട നിരാകാരീ സ്ഥിതിയിൽ സ്ഥിതി ചെയ്യുക,
കേൾക്കുക-സ്വരൂപമാകുക,
മനനം ചെയ്യുക-മഗ്നമാകുക,
ആത്മീയ സംഭാഷണത്തിൽ വരുക-ആത്മീയതയിൽ സ്ഥിതി ചെയ്യുക,
ചിന്തിക്കുക-ചെയ്യുക,
കർമ്മേന്ദ്രിയങ്ങളുടെ ആധാരമെടുക്കുക-കർമ്മേന്ദ്രിയങ്ങൾക്ക് ഉപരിയാകുക,
പ്രകൃതിയിലൂടെ പ്രാപ്തമായ സാധനങ്ങളെ തനിക്കുവേണ്ടി ഉപയോഗിക്കുക-പ്രകൃതിയിലെ സാധനങ്ങളിൽ നിന്നും സമയമനുസരിച്ച് നിരാധാരമാകുക,
കാണുക സമ്പർക്കത്തിൽ വരുക- കണ്ടും കാണാതിരിക്കുക,
സമ്പർക്കത്തിൽ വരുമ്പോൾ കമലപുഷ്പസമാനം ഇരിക്കുക –
ഈ എല്ലാ കാര്യങ്ങളിലും സമാനത. ഇതിനെയാണ് കർമ്മാതീതാവസ്ഥയുടെ സമീപത എന്ന് പറയുന്നത്.

കർമ്മയോഗിയെ കർമ്മം ആകർഷിക്കുമോ അതോ യോഗി തന്റെ യോഗശക്തികൊണ്ട് കർമ്മേന്ദ്രിയങ്ങളിലൂടെ കർമ്മം ചെയ്യിക്കുമോ? കർമ്മയോഗിയെ കർമ്മം ആകർഷിക്കുന്നുവെങ്കിൽ അങ്ങനെയുള്ളവരെ യോഗി എന്ന് പറയുവാൻ കഴിയുമോ? കർമ്മത്തിനു വശംവദരായി നടക്കുന്നവരെ എന്ത് പറയുന്നു? കർമ്മഭോഗി എന്ന് പറയുന്നുവല്ലോ. അവർ കർമ്മത്തിന്റെ ഭോഗത്തിന് വശംവദരാകുന്നു, അതായത് കർമ്മത്തിന്റെ ഭോഗം അനുഭവിക്കുന്നതിൽ, നന്മയിലോ തിന്മയിലോ, കർമ്മത്തിന് വശംവദരാകുന്നു. ശ്രേഷ്ഠ ആത്മാക്കളായ താങ്കളേവരും കർമ്മാതീതമാണ് അതായത് കർമ്മങ്ങൾക്ക് അധീനമല്ല, കർമ്മങ്ങളുടെ പാരതന്ത്ര്യത്തിലല്ല. സ്വതന്ത്രമായി കർമ്മേന്ദ്രിയങ്ങളിലൂടെ കർമ്മം ചെയ്യിക്കുകയാണോ?

ജ്ഞാനത്തിന്റെയും, ദിവ്യഗുണങ്ങളുടെയും, യോഗത്തിന്റെയും ദാനം മറ്റുള്ളവർക്ക് ചെയ്യുമ്പോൾ നമ്മൾ ഈശ്വരന്റെ ഗുണങ്ങളെയും കർത്തവ്യത്തെയും സ്വീകരിക്കുകയാണ്, പുണ്യാത്മാവും മഹാദാനിയുമാകുകയാണ്. അങ്ങനെയുള്ളവർ ഈശ്വരനിൽ നിന്നും ഹർഷം അഥവാ ആനന്ദം നേടുന്നു. പരമാത്മാവിന്റെ കൃപയും ആശീർവ്വാദവും, വരദാനത്തിന്റെ സൗഭാഗ്യവും നേടി, സന്തോഷം പ്രാപ്തമാക്കുന്നു.

ഇപ്പോൾ താങ്കളുടെ മുന്നിൽ സേവനത്തിന്റെ ഫലം സാധനങ്ങളുടെ രൂപത്തിലും മഹിമയുടെ രൂപത്തിലും പ്രാപ്തമാകുന്ന സമയമാണ്. ഈ സമയത്ത് ഈ ഫലം സ്വീകരിച്ചുവെങ്കിൽ കർമ്മാതീത സ്ഥിതിയുടെ ഫലം, സമ്പൂർണ്ണ തപസ്വീസ്ഥിതിയുടെ ഫലം, അതീന്ദ്രിയ സുഖത്തിന്റെ പ്രാപ്തിയുടെ ഫലം നേടുവാൻ കഴിയില്ല.

സമ്പന്നമായ ശേഷമാണ് ഇച്ഛാമാത്രം അവിദ്യയുടെ സ്ഥിതിയുണ്ടാകുന്നത്. അപ്പോൾ അപ്രാപ്തമായ ഒരു വസ്തുവും അവശേഷിക്കുകയില്ല. ഇതിനെത്തന്നെയാണ് കർമ്മാതീതം അഥവാ ഫരിശ്താസ്ഥിതിയുടെ അവസ്ഥ എന്ന് പറയുന്നത്. ഇങ്ങനെയുള്ള സ്ഥിതിയുള്ളവർക്ക് ഓരോ ആത്മാവിനെയും യഥാർത്ഥ രീതിയിൽ തിരിച്ചറിയുവാനാകും, അവർക്ക് പ്രാപ്തിയുണ്ടാക്കിക്കൊടുക്കുവാനും കഴിയും. ഇങ്ങനെയുള്ള സ്ഥിതി തന്റെ സമീപമായി അനുഭവിക്കുന്നുണ്ടോ അതോ ഇപ്പോഴും ആ സ്ഥിതി വളരെ അകലെയാണോ?


കർമ്മവും യോഗവും, രണ്ടും ശക്തിശാലിയായിരുന്നുവോ, അതിന്റെ സന്തുലനം പരിശോധിക്കണം. കർമ്മം ശക്തിശാലിയായിരിക്കുകയും, ഓർമ്മ കുറവായിരിക്കുകയുമാണെങ്കിൽ സന്തുലനമില്ല. ഓർമ്മ ശക്തിശാലിയായിരിക്കുകയും കർമ്മം ശക്തിശാലിയല്ലാതിരിക്കുകയുമാണെങ്കിലും സന്തുലനമില്ല. അതിനാൽ കർമ്മത്തിന്റെയും യോഗത്തിന്റെയും സന്തുലനം നിലനിർത്തണം. മുഴുവൻ ദിവസവും ഈ ശ്രേഷ്ഠ സ്ഥിതിയിലിരിക്കുന്നതിലൂടെ തന്റെ കർമ്മാതീതാവസ്ഥയുടെ സമീപം വരുന്നതിന്റെ അനുഭവം നേടും. മുഴുവൻ ദിവസവും കർമ്മാതീതാവസ്ഥയുടെ, അവ്യക്ത ഫരിശ്താ സ്വരൂപത്തിന്റെ സ്ഥിതിയിൽ നടക്കുകയും സഞ്ചരിക്കുകയും ചെയ്തുകൊണ്ടിരിക്കണം. താഴെയുള്ള സ്ഥിതിയിലേയ്ക്ക് വരരുത്. ഏതെങ്കിലും ദൗർബ്ബല്യം കാരണം താഴെ വന്നുപോയെങ്കിൽ, പരസ്പരം സ്മൃതി നൽകി, സമർത്ഥമാക്കി, എല്ലാവരും ഉയർന്ന സ്ഥിതി അനുഭവിക്കണം.

24.7.14
ശാന്തിവൻ

# അവ്യക്ത സന്ദേശം



ബാബയുടെയടുത്ത് ഇന്ന് വതനത്തിൽ ഭോഗുമായി എത്തിച്ചേർന്നപ്പോൾ വളരെ അനുപമവും വേറിട്ടതുമായിരുന്നു വതനത്തിലെ ദൃശ്യം. ബാബയുടെയടുത്ത് പോയി എല്ലാവരുടെയും ഓർമ്മകൾ നൽകി, എന്നിട്ട് പറഞ്ഞു, ഇന്ന് വിശേഷിച്ച് ദീദിയ്ക്ക് നിമിത്തമായുള്ള ഭോഗ് ആണ്. അത് കേട്ട ശേഷം ബാബ ഒരു സെക്കന്റിൽ വളരെ സുന്ദരമായ ഒരു സഭയുടെ രൂപത്തിലുള്ള ദൃശ്യം എമർജ് ചെയ്തു. സഭയ്ക്കുള്ളിൽ ബാബ ഏറ്റവും മുകളിൽ ഇരിക്കുകയായിരുന്നു. ഒപ്പം മറ്റ് ദാദിമാർ, അതിൽ മമ്മയും, ദീദിയും, ദാദിയും ഉണ്ടായിരുന്നു. മധ്യത്തിലായി മറ്റ് ദാദിമാരെ കണ്ടു. എല്ലാവരും വളരെ ഗഹനമായി ആത്മീയ സംഭാഷണം നടത്തുകയായിരുന്നു. വളരെ തീവ്ര പുരുഷാർത്ഥത്തിന്റെയും പരസ്പര ഉന്നതിയുടെയും കാര്യങ്ങൾ സംസാരിക്കുകയാണെന്ന് തോന്നി. അവിടെ ഇരിക്കുകയായിരുന്ന ദാദിമാരോട് ബാബ ചോദിച്ചു, കുട്ടികളേ ഏത് കാര്യത്തിന്റേതാണ് വിശേഷിച്ച് ആത്മീയ സംഭാഷണം നടക്കുന്നത്? ദീദി ഉടൻ മറുപടി പറഞ്ഞു, ബാബാ, നമ്മൾ സാകാരത്തിൽ ആയിരുന്നപ്പോൾ കണ്ടുമുട്ടുമ്പോൾ പരസ്പരം ഉന്നതിയുടെ പുരുഷാർത്ഥത്തിന്റെ ആത്മീയ സംഭാഷണം നടത്തുമായിരുന്നു. വതനത്തിൽ താങ്കൾ എമർജ് ചെയ്യുമ്പോൾ, നമ്മളെ വിളിക്കുമ്പോൾ, എങ്ങനെ എല്ലാവരും വേഗം വേഗം തയ്യാറായി സത്യയുഗത്തിന്റെ ഗേറ്റ് തുറക്കും എന്നതിന്റെ ആത്മീയ സംഭാഷണം നടത്തുകയായിരുന്നു. ദാദി പറഞ്ഞു, നമ്മൾ ബാബയുടെയടുത്ത് വന്നപ്പോൾ വളരെയധികം ത്യാഗത്തിന്റെയും വൈരാഗ്യവൃത്തിയുടെയും കാര്യം സംസാരിക്കുമായിരുന്നു. മറ്റൊന്നും സംസാരിക്കുമായിരുന്നില്ല. ഇന്ന് വതനത്തിൽ അതിന്റെ ആത്മീയ സംഭാഷണം നടക്കുകയായിരുന്നു. ഞാൻ പറഞ്ഞു, ഇന്ന് വിശേഷിച്ച് സഹോദരിമാരുടെയും ഓർമ്മകളുമായി വന്നിരിക്കുകയാണ്. അപ്പോൾ ബാബ പറഞ്ഞു, ദീദിയോട് ചോദിക്കൂ, എന്ത് ആത്മീയ സംഭാഷണമാണ് നടന്നതെന്ന്. ബാബ പറഞ്ഞു, മമ്മയും, ദീദിയും പറഞ്ഞു, തുടക്കത്തിന്റെ സമയത്ത് പരസ്പരം കാണുമ്പോൾ ആത്മീയ സംഭാഷണം നടത്തിയിരുന്നു. അത്രത്തോളം ഇന്ന് ഇല്ല. ഓരോ കുട്ടിയിലും എത്ര വൈരാഗ്യവൃത്തി വരണമോ, അത് ഇപ്പോൾ വന്നിട്ടില്ല. ഇപ്പോൾ സമയമനുസരിച്ച് വളരെ മോശമായത് വന്നുകൊണ്ടിരിക്കുകയാണ്. എന്നിട്ടും ആ ത്യാഗവൃത്തിയും വൈരാഗ്യവൃത്തിയും വന്നിട്ടില്ല. അതിനാൽ എല്ലാവരും തീവ്രമായി പ്രുരുഷാർത്ഥം ചെയ്യണം, ത്യാഗവും വൈരാഗ്യവൃത്തിയും വരണം. ബാബ പറഞ്ഞു, ഏവരും ബാബയുടെ കുട്ടികളാണ്. അപ്പോൾ ദീദി പറഞ്ഞു, എന്റെ സഖിമാരാണ്. സഖിമാർ പരസ്പരം ജ്ഞാനത്തിന്റെ കൊടുക്കൽ വാങ്ങൽ നടത്തിയിരുന്നതുപോലെ ഈ സന്ദേശം കൊടുക്കണം, സമയമനുസരിച്ച് കുട്ടികൾ ത്യാഗത്തിലൂടെയും വൈരാഗ്യവൃത്തിയിലൂടെയും ഹൈജംബ് ചെയ്ത് മുന്നോട്ട് പോകണം. പിന്നെ ബാബ ദീദിയെ ആദ്യം ഭോഗ് സ്വീകരിപ്പിച്ചു. പിന്നെ ദാദിമാരെയു. എല്ലാവരെയും വളരെ സ്നേഹത്തോടെ ആശ്ലേഷിച്ച് മധുബന്റെ മധുരമായ ഭോഗ് സ്വീകരിപ്പിച്ചു. ഇന്ന് ബാബ വിശേഷിച്ച് എല്ലാ ദാദിമാരെയും വതനത്തിൽ എമർജ് ചെയ്യുകയും സ്നേഹസ്മരണകൾ തരുകയും ചെയ്തു. വിശേഷിച്ച് ജാനകി ദാദിയ്ക്കും, ഗുൽസാർ ദാദിയ്ക്കും, രത്തൻമോഹിനി ദാദിയ്ക്കും ഓർമ്മകൾ നൽകി. സ്നേഹ സ്മരണകൾ സ്വീകരിച്ചുകൊണ്ട് ഞാൻ താഴെ എത്തിച്ചേർന്നു.




**ബി.കെ ജഗദീഷ് ചന്ദർ**

ആത്മാവ് ഇല്ലെന്നും, മനസ്സ് അഭൗതികമല്ലെന്നും, മസ്തിഷ്കം മാത്രമാണുള്ളതെന്നും വിശ്വസിക്കുന്ന ജീവശാസ്ത്രജ്ഞർക്കും, ന്യൂറോളജിസ്റ്റുകൾക്കും, മനഃശാസ്ത്രജ്ഞർക്കും, ചിലർ കുട്ടികൾ വിവരിച്ചിട്ടുള്ള പുനർജന്മ കഥകളുടെ വിശദീകരണം നൽകുവാൻ കഴിഞ്ഞിട്ടില്ല. 1976 ൽ "നവ ഭാരത്"–ൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു ലേഖനത്തിൽ നിന്നും.

ഉത്തർപ്രദേശിലെ മണിപുരി ജില്ലയിലെ കൺകാരിയ എന്ന പ്രദേശത്ത് 10 വർഷങ്ങൾക്ക് മുമ്പ് ഒരു സംഭവം നടന്നു. അന്ന് രാമനവമി ഉത്സവത്തിന്റെ ദിവസമായിരുന്നു. ഹരിജനും തൂപ്പുകാരനുമായ ലാലാറാം തന്റെ പത്നിയായ പൂനയെ ക്രോധാവേശത്താൽ ചൂൽ കൊണ്ട് അടിച്ചു. പൂന വളയെധികം വിഷമിച്ചു. കൽക്കരി എടുക്കാനെന്ന വ്യാജേന അവർ റെയിൽപാളങ്ങളുടെ നേരേ പോയി. പാഞ്ഞുവരുന്ന തീവണ്ടിയുടെ മുന്നിൽ ചാടി മരിച്ചു. വാർത്ത കേട്ട് പൂനത്തിന്റെ കുടുംബാംഗങ്ങൾ ഓടിവന്നു. കരയുവാനും നിലവിളിക്കുവാനും തുടങ്ങി. ഗ്രാമവാസികൾ പഞ്ചായത്ത് കൂടുകയും സംസ്കാരക്രിയകൾ നടത്തുകയും ചെയ്തു. ദിവസങ്ങൾ കടന്നുപോയപ്പോൾ ആ കുടുംബം ആ ദുരന്ത സംഭവം മറന്നു.

1969–ൽ, മണിപുരിയിൽ താമസിക്കുന്ന ശ്രീ ലക്ഷ്മീനാരായണ മിശ്ര, എന്ന വൈദ്യന് ഒരു പെൺ കുഞ്ഞ് പിറന്നു– മധു. മധു സംസാരിച്ചു തുടങ്ങുമ്പോൾ തന്നെ ചില വിചിത്ര കാര്യങ്ങൾ പറയുമായിരുന്നു. പ്രത്യേകിച്ച് പന്നി ഇറച്ചിയെക്കുറിച്ച്. അത്യന്തം ആശ്ചര്യപ്പെട്ടുവെങ്കിലും, കുട്ടിയുടെ രക്ഷിതാക്കൾ ബാലിശമായ കുസൃതിത്തരമായി വിചാരിച്ച് അതിനെ കാര്യമാക്കിയില്ല.

ഒരിക്കൽ ലക്ഷ്മീ നാരായണ വൈദ്യൻ തന്റെ മകളുമൊത്ത് പുറത്ത് റെയിൽവേ സ്റ്റേഷനിലേയ്ക്ക് നടക്കുവാൻ പോയി. ആ റെയിൽവേ സേറ്റഷനിലേയ്ക്ക് ഒരു ട്രെയിൻ വന്നത് കണ്ടപ്പോൾ, മധു ഉറക്കെ പറഞ്ഞു– "പപ്പാ, ഞാൻ ഈ ട്രെയിൻ കയറിയാണ് ഛേദിക്കപ്പെട്ടത്". അതിനോടൊപ്പം മധു തന്റെ ഉദരഭാഗത്തേയ്ക്ക് കൈ ഓടിക്കുകയും ചെയ്തു. മകൾ പറഞ്ഞ ഈ കാര്യത്തിനും ലക്ഷ്മീ നാരായണൻ പ്രത്യേകിച്ച് ശ്രദ്ധ കൊടുത്തില്ല.

1973–ൽ ഹോളി ഉത്സവ ദിവസം ലക്ഷ്മീ നാരായണൻ തന്റെ വീടിന്റെ വാതിൽക്കൽ ഇരിക്കുകായിരുന്നു. അയാളുടെ വീടിനടുത്ത് അറക്കപ്പൊടികൂന ഉണ്ടായിരുന്നു. ആ സമയത്ത് ഒരു തൂപ്പുജോലിക്കാരൻ അവിടെ വന്ന് അല്പം അറക്കപ്പൊടി ചോദിച്ചു. എന്തിനാണെന്ന് ലക്ഷ്മീ നാരായണൻ ചോദിച്ചപ്പോൾ മടിച്ചു മടിച്ച് അയാൾ പറഞ്ഞു– "ഞാൻ ഒരു കരടിയെ കൊന്നു, അതിനെ എനിക്ക് അറക്കപ്പൊടിയുപയോഗിച്ച് പൊരിക്കുവാനാണ്". ആ സമയം മധു ഈ സംഭാഷണം കേൾക്കുന്നുണ്ടായിരുന്നു. മധു അച്ഛനോട് ചോദിച്ചു– പപ്പാ, ഇന്ന് നമുക്ക് പന്നിയിറച്ചി കഴിക്കാൻ പോകാം. മധു പറഞ്ഞത് കേട്ട ലക്ഷ്മീ നാരായണ വൈദ്യൻ അമ്പരന്നുപോയി. അക്ഷോഭ്യനായി വൈദ്യൻ പറഞ്ഞു– നീ എന്തുകൊണ്ടാണ് പന്നിയിറച്ചിയെക്കുറിച്ച് സംസാരിക്കുന്നത്? ഇന്ന് ഹോളിയാണ്. വീട്ടിൽ രുചികരമായ സാൻഡ്‌വിച്ച് തയ്യാറാക്കുകയാണ്. നീ ഒരിക്കലും ഈ വീട്ടിൽ മാംസം കണ്ടിട്ടില്ലല്ലോ, ഇങ്ങനെ പന്നിയിറച്ചിയെക്കുറിച്ച് സംസാരിക്കാൻ ഈ വിധം വിവേകമില്ലാത്തവളായോ?".

മധു ധൈര്യം സംഭരിച്ചുകൊണ്ട് പറഞ്ഞു– പപ്പാ, താങ്കൾക്ക് അറിയില്ല, ഞാൻ ഒരു തൂപ്പുകാരി ആയിരുന്നു. എനിക്ക് കൺകാരിയയിൽ വീടുമുണ്ട്, മരുകളുമുണ്ട്, ഭർത്താവുമുണ്ട്. വയ്ക്കോലിനടിയിൽ കുറച്ച് നോട്ടുകളും ഞാൻ വച്ചിട്ടുണ്ട് എന്റെ വസ്ത്രങ്ങൾ മരുമകളുടെ പെട്ടിയ്ക്കുള്ളിലാണ് വച്ചിരിക്കുന്നത്. മണ്ണിനടിയിലും കുറച്ച് രൂപ ഞാൻ ഒളിച്ചു വച്ചിട്ടിണ്ട്. കുട്ടിയായ മധു ഇങ്ങനെ ഒറ്റ ശ്വാസത്തിൽ പറഞ്ഞു. ഇത് കേട്ട് അത്ഭുതപാരവശ്യത്തോടെ വൈദ്യൻ അവളെ നോക്കി.

വൈദ്യൻ ഒരു സാമൂഹ്യപ്രവർത്തകനായിരുന്നു. അയാൾ മധുവിനോട് പല ചോദ്യങ്ങളും ചോദിച്ചു. എല്ലാത്തിനും മധു ഉത്തരം നൽകുകയും ചെയ്തു. ഭർത്താവിന്റെ പേരും, എവിടെയാണെന്നുമെല്ലാം ചോദിച്ചു. തന്റെ ഭർത്താവിന്റെ പേര് ലല്ലായി എന്നാണെന്നും, അവളുടെ വീടിനു സമീപം ഒരു വേപ്പ് മരം ഉണ്ടായിരുന്നുവെന്നും, ഒരു തിണ്ണയും, സിനിമാശാലയും, അരുവിയും ഉണ്ടായിരുന്നതായും പറഞ്ഞു. മധുവിനെ പരീക്ഷിക്കുന്നതിനായി വൈദ്യൻ ചോദിച്ചു– ലല്ലായിയെ നിനക്ക് തിരിച്ചറിയുവാൻ കഴിയുമോ? അങ്ങനെ പേര് വിളിക്കരുത്, അത് എന്റെ ഭർത്താവാണ് എന്ന് മധു പറഞ്ഞു, തന്റെ പെൺമക്കളിൽ ഒരാളാണ് വാസന്തി എന്നും പറഞ്ഞു.

ഞാൻ(പത്ര ലേഖകൻ) ജൂലായ് 1973ന് ലക്ഷ്മീ നാരായണ വൈദ്യനോടൊപ്പം മധുവിനെ കാണുവാൻ ചെന്നു. അപരിചിതനായ എന്നോട് സംസാരിക്കാൻ ആദ്യം എതിർപ്പ് പ്രകടമാക്കി. ഞാൻ ഒരു മാങ്ങ മധുവിന് കൊടുത്തു. അവൾ അത് വാങ്ങി. വൈദ്യന്റെ സാന്നിദ്ധ്യത്തിൽ മധുവിനോട് ഞാൻ ചോദിച്ച കുറേ ചോദ്യങ്ങൾക്ക് അവൾ ശരിയായി ഉത്തരം നൽകി. കഴിഞ്ഞ ജന്മത്തിൽ അവൾ മണ്ണിനടിയിൽ ഒളിച്ചുവച്ച രൂപയെടുക്കാനുള്ള വെമ്പൽ അവൾ പ്രകടിപ്പിച്ചു. വയ്ക്കോലിനടിയിൽ ഒളിപ്പിച്ച രൂപയും, മരുകളുടെ പെട്ടിയ്ക്കുള്ളിൾ നിന്നും തന്റെ വസ്ത്രങ്ങളുമെടുക്കുവാൻ അവൾക്ക് ആഗ്രഹമുണ്ടായിരുന്നു. മധുവിനോട് സംസാരിച്ച ശേഷം ഞാൻ കൺകാരിയയിലേയ്ക്ക് പോയി. ഞാൻ ഒറ്റയ്ക്കായിരുന്നു. ലല്ലായി എന്ന് പേരുള്ള ഒരു തോട്ടിപ്പണിക്കാരൻ അവിടെ താമസമുണ്ടോ എന്ന് ഞാൻ ചോദിച്ചു. ഉണ്ടായിരുന്നു, മരിച്ചിട്ട് ഏകദേശം 2 വർഷമായി എന്ന് അവിടെയുണ്ടായിരുന്ന ഒരാൾ പറഞ്ഞു. ലല്ലായിയുടെ ഭാര്യയുടെ പേരും, അവർ എവിടെ താമസിച്ചിരുന്നുവെന്നും ഞാൻ ചോദിച്ചു. പൂന ആയിരുന്നു അയാളുടെ ഭാര്യയെന്നും, ഏതാണ്ട് 10 വർഷം മുമ്പ് ഒരു രാമനവമി ദിവസത്തിൽ ട്രയിൻ കയറി മരിച്ചുവെന്നും എന്നോട് അവിടെയുള്ളവർ പറഞ്ഞു. എനിക്ക് ചുറ്റും വലിയൊരു ആൾക്കൂട്ടം തന്നെ ഉണ്ടായി. ലല്ലായിയുടെ കുടുംബാംഗങ്ങളെപ്പറ്റി എനിക്ക് അറിയണമെന്ന് പറഞ്ഞപ്പോൾ, അവർക്ക് ആശ്ചര്യവും സംശയവുമായി. അവരിൽ വിശ്വാസമർപ്പിച്ചപ്പോൾ, ലല്ലായിയുടെ മകൻ, ഇന്ദർ, മുന്നോട്ട് വന്നു. തന്റെ മാതാവ്

പൂനയെക്കുറിച്ചും, പിതാവ് ലല്ലായിയെക്കുറിച്ചും, വിവാഹിതയായ വാസന്തിയെക്കുറിച്ചും പറഞ്ഞു. അമ്മയ്ക്ക് തന്നെ ഏറെ ഇഷ്ടമായിരുന്നുവെന്ന് ഇന്ദർ പറഞ്ഞു. അവരുടെ വീടും കാണിച്ചുതന്നു. വേപ്പിൻ മരവും ഉയർന്ന തിണ്ണയും, കിണറുമെല്ലാം അതുപോലെ തന്നെ നിലകൊള്ളുന്നു. എങ്ങനെയാണ് പൂന തീവണ്ടി കയറി മരിച്ചത് എന്ന് ഞാൻ ചോദിച്ചു. ഇന്ദർ പറഞ്ഞു, അമ്മ, കൽക്കരി കഷ്ണങ്ങൾ റയിൽ പാതയിൽ നിന്നും എടുക്കുവാൻ പോയപ്പോൾ ഷിക്കോഹബാദിൽ നിന്നും വരുകയായിരുന്ന ട്രെയിൻ കയറി രണ്ട് കഷണമായിപ്പോയി. അവർ ആത്മഹത്യ ചെയ്തതാണോ എന്ന എന്റെ ചോദ്യത്തിന് അല്ല ഓടുന്ന തീവണ്ടി കയറി മരിച്ചതാണ് എന്നായിരുന്നു മറുപടി. എന്നാൽ ആ പറഞ്ഞത് വാസ്തവമല്ല എന്ന് ഒരു വൃദ്ധൻ ചിരിച്ചുകൊണ്ട് എനിക്ക് സൂചനതന്നുവെങ്കിലും ആ വിഷയം ഞാൻ മതിയാക്കി. പൂനയ്ക്ക് പന്നിയിറച്ചി ഇഷ്ടമായിരുന്നോ എന്ന് ചോദിച്ചപ്പോൾ, വളരെ ഇഷ്ടമായിരുന്നു എന്ന് അവർ മറുപടി പറഞ്ഞു.

ഞാൻ വൈദ്യനെയും മധുവിനെയും കണ്ടു. ആരാണ് പന്നിയിറച്ചി പാകം ചെയ്തിരുന്നതെന്ന് ഞാൻ മധുവിനോട് ചോദിച്ചു. എന്റെ മരുമകൾ ഒരു വലിയ പിച്ചള പാത്രത്തിലാണ് വേവിച്ചിരിരുന്നത് എന്ന് പറഞ്ഞു. ഇങ്ങനെ ട്രെയിൻ കയറി മരിച്ച ശേഷം പോയതെവിടെയാണ് എന്ന് ഞാൻ മധുവിനോട് ചോദിച്ചു. ആ കൊച്ചുപെൺകുട്ടിയ്ക്ക് എന്റെ ആ ചോദ്യത്തിനുള്ള ഉത്തരം തരാൻ കഴിഞ്ഞില്ല. ലല്ലായി എങ്ങനെയുള്ള ആളായിരുന്നുവെന്നും, എന്തിനാണ് അടിച്ചതെന്നും മധുവിനോട് ഞാൻ ചോദിച്ചു. മധു പറഞ്ഞു, അയാൾ ധാരാളം കുടിയ്ക്കുമായിരുന്നു. ഞാൻ അത് മതിയാക്കിച്ചപ്പോൾ എന്നെ ചൂൽ കൊണ്ട് അടിച്ചു.

ഒരു വ്യക്തിയുടെ സംസ്കാരം അയാളെ അടുത്ത ജന്മത്തിലും അനുഗമിക്കും. ഇവിടെ വിവരിച്ച സംഭവം ആർക്കുവേണമെങ്കിലും നേരാണോ എന്ന് പരിശോധിക്കാം. ശരീരം മരിച്ചാലും, മരിക്കാത്ത ആത്മാവ് എന്ന അനാദിയായ ഉണ്മ ഉണ്ടെന്ന വിശ്വാസത്തിലേയ്ക്ക് നയിക്കുന്നതാണ് ഈ സംഭവം. ആത്മാവിന്റെ അസ്ഥിത്വത്തിൽ വിശ്വസിക്കാത്തതുവരെ, മനസ്സിലാക്കാത്തതുവരെ, പ്രപഞ്ച നിയമങ്ങളോ, ജീവിതോദ്ദേശ്യമോ മനസ്സിലാക്കുക അസാദ്ധ്യമാണ്.

## അന്തിമ ഫോഴ്സിന്റെ കോഴ്സ്

കഴിഞ്ഞുപോയ ദൗർബ്ബല്യങ്ങൾക്ക് വിരാമമിടുമ്പോൾ മാത്രമേ സമ്പന്ന രൂപത്തിന്റെ സാക്ഷാത്കാരം ഉണ്ടാകൂ. തന്റെ സമ്പന്ന സ്വരൂപത്തെ പ്രഖ്യാതമാക്കൂ. എല്ലാ പഴയ സംസ്കാരത്തെയും സ്വഭാവത്തെയും ദൃഢ സങ്കല്പമാകുന്ന ആഹുതിയിലൂടെ സമാപ്തമാക്കൂ. മറ്റുള്ളവരുടെ കുറുവകളെ അനുകരിക്കരുത്. അവഗുണം ധാരണ ചെയ്യുന്ന ബുദ്ധിയെ ഇല്ലായ്മ ചെയ്യൂ, ദിവ്യഗുണങ്ങൾ ധാരണ ചെയ്യുന്ന സതോപ്രധാനബുദ്ധി ധാരണ ചെയ്യൂ. അധികാരിയുടെയും സത്കാരിയുടെയും സന്തുലനം വയ്ക്കൂ. മറ്റുള്ളവരുടെ ദൗർബ്ബല്യങ്ങളെ വിസ്താരത്തിൽ കൊണ്ടുവരരുത്, സ്വന്തം ദൗർബ്ബല്യത്തെ ഒളിപ്പിക്കുകയുമരുത്. സാകാര ബാബയ്ക്ക് സമാനം അല്പകാലത്തെ മഹിമയുടെ ത്യാഗിയാകൂ. ശിവബാബ കുട്ടികളിൽ ഈ കാര്യങ്ങളിൽ നിന്നുമുള്ള മുക്തി ആഗ്രഹിക്കുകയാണ്. ഈ അന്തിമ ഫോഴ്സിന്റെ കോഴ്സിനു വേണ്ടിയാണ് സമയം ലഭിച്ചിരിക്കുന്നത്. *അവ്യക്ത ബാപ്ദാദ*




ബി.കെ ജഗദീഷ് ചന്ദർ


മറ്റുള്ളവരെ ഭയപ്പെടുത്തുക, ഭീഷണിപ്പെടുത്തുക, തന്റെ പദവി കൊണ്ട് അവരെ അടിച്ചമർത്തുക എന്നിവ ദിവ്യ ജീവിതത്തിന്റെ രീതിയല്ല. യോഗ്യരായ വ്യക്തികൾ കാര്യക്ഷമതയുള്ളവരും, പരിശ്രമികളും, കർമ്മോത്സുകരുമായിരുന്നുകൊണ്ടും മറ്റുള്ളവരുടെ മുന്നിൽ കുനിയുന്നു. അവരുടെ മുന്നിൽ ലോകരും സ്വതവേ തന്നെ കുനിയുന്നു. നമ്മുടെ കർത്തവ്യമോ ലക്ഷ്യമോ ആരെയെങ്കിലും കുനിയിയ്ക്കുകയല്ല. മറിച്ച്, യോഗ്യരായി, അഹങ്കാരം ഉപേക്ഷിച്ച് കർത്തവ്യം ചെയ്യണം. അത് ചെയ്തുകൊണ്ടും സ്വയം താഴ്മയോടെ ഇരിക്കണം. അങ്ങനെ നമ്മൾ ചെയ്യുന്നത് മറ്റുള്ളവർ കാണുമ്പോൾ, ചെറിയവരോടും വലിയവരോടും നിരഹങ്കാരിയായി യോജിച്ച് പോകുമ്പോൾ അവരും നമ്മുടെ മുന്നിൽ കുനിയുന്നു, ഇത് ഇവരുടെ മഹാനതയാണ് എന്ന് മനസ്സിൽ ചിന്തിക്കുന്നു. ഇവർക്ക് എന്നോട് സ്നേഹവും സഹാനുഭൂതിയുമുണ്ട് എന്ന് ചിന്തിക്കുന്നു. ഇവർ മഹനീയ വ്യക്തിയാണ്, മനുഷ്യവേഷമണിഞ്ഞ മാലാഖയാണ്, ദേവതയാണ്, ഇവർക്കു വേണ്ടി എന്റെ ജീവൻ പോലും കൊടുക്കും എന്ന് ചിന്തിക്കുന്നു. നമ്മുടെ ജീവിതം വാസ്തവത്തിൽ അങ്ങനെയാകണം. നമ്മുടെ സ്നേഹം കാരണം മറ്റുള്ളവർ കാര്യങ്ങൾ ചെയ്യണം. അല്ലാതെ അഹങ്കാരം കാരണമല്ല. നമ്മൾ സ്വയം യോഗ്യമായി, സ്വന്തം കൈകൾ കൊണ്ട് കാര്യങ്ങൾ ചെയ്യണം, മറ്റുള്ളവരെ കാര്യങ്ങൾ പഠിപ്പി ക്കണം. അവരെയും കാര്യത്തിൽ സഹായികളാ ക്കണം. എന്നിട്ട് നോക്കൂ, തന്റെ ആധിപത്യം കാണിക്കു കയോ, തന്റെ പദവി മറ്റുള്ളവരെ അറിയിക്കുകയോ ബോധ്യപ്പെടു ത്തുകയോ ചെയ്യേണ്ട ആവശ്യമുണ്ടോ എന്ന്. താങ്കളുടെ പ്രായവും പദവി മറ്റുള്ളവരേക്കാൾ കുറവായിരിക്കുകയും, യോഗ്യതയും കാര്യക്ഷമതയും കൂടുതൽ ഉണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിലും, മറ്റുള്ളവരോട് സ്നേഹത്തോടെയും ആദരവോടെയും പെരുമാറുമ്പോൾ മുതിർന്ന വ്യക്തികളും താങ്കളോട് വിനയത്തോടെ പെരുമാറും. നമ്മൾ, ആത്മാവിന്റെ യഥാർത്ഥ പദവി എന്താണോ, അതിൽ സ്ഥിതി ചെയ്യണം. നമ്മുടെ വാസ്തവിക പദവി, ത്രിലോകീനാഥനും, സർവ്വശക്തിവാനുമായ പരമാത്മാവിന്റെ സന്താനം എന്നതാണ്. ആ പദവി ഓർമ്മയിൽ വച്ചുകൊണ്ട് നമ്മുടെ ലൗകിക പദവിയിലുമിരിക്കണം, എന്നാൽ ആ പദവി ഡ്രാമയിൽ ഒരു അഭിനയഭാഗമാണെന്ന് മനസ്സിലാക്കണം, ആ പദവിയുടെ അഭിമാനത്തിൽ വരരുത്.



## എങ്ങനെ ഡബിൾ ലൈറ്റ് ആകാം

*അവ്യക്ത ബാപ്ദാദ*

ബാബയുടേതാകുകയെന്നാൽ ഡബിൾ ലൈറ്റ് ആകുക എന്നാണ്. കാരണം, ബാബയുടേതാകുമ്പോൾത്തന്നെ എല്ലാ ഭാരവും ബാബയ്ക്ക് നൽകി. സദാ ബാബയുടേതല്ലേ. എല്ലാം ബാബയ്ക്ക് നൽകി. ശരീരവും, മനസ്സും, ധനവും, ബന്ധങ്ങളും, എല്ലാം അർപ്പിച്ചു. പിന്നെ എന്ത് ഭാരമാണുള്ളത്! എല്ലാം ബാബയ്ക്ക് നൽകിയപ്പോൾ സദാ ഡബിൾ ലൈറ്റി ആയി. ഇപ്പോൾ ഇത് ഓർമ്മ വയ്ക്കണം.



# ബ്രഹ്മാബാബ

ബാബ വതനത്തിൽ എന്ത് ചെയ്തുകൊണ്ടിരിക്കുകയാണെന്ന് കുട്ടികൾക്ക് സങ്കല്പം വരുന്നു. ബ്രഹ്മാബാബ സാകാരരൂപത്തേക്കാൾ ഇപ്പോൾ അവ്യക്ത രൂപത്തിൽ ദിനരാത്രം സേവനത്തിൽ കൂടുതൽ സഹയോഗിയാകുന്നതിന്റെ പാർട്ട് അഭിനയിക്കുകയാണ്. കാരണം, ഇപ്പോൾ ബാബയ്ക്ക് സമാനം ജനന-മരണത്തിൽ നിന്നും വേറിട്ട്, കർമ്മ-ബന്ധനത്തിൽ നിന്നും മുക്തമായി, കർമ്മാതീതമാണ്. സിദ്ധിസ്വരൂപമാണ്. ഈ അവസ്ഥയിൽ ഓരോ സങ്കല്പത്തിലും സിദ്ധി പ്രാപ്തമാകുന്നു. എന്ത് സങ്കല്പിച്ചുവോ, അത് സത്യമാകുന്നു. അതിനാൽ നാല് ഭാഗത്തും സങ്കല്പത്തിന്റെ സിദ്ധിയുടെ രൂപം കൊണ്ട് സഹയോഗിയാണ്. വാണിയേക്കാൾ സങ്കല്പത്തിന്റെ ഗതി തീവ്രമാണ്. സാകാരത്തേക്കാൾ ആകാരത്തിന്റെ ഗതി തീവ്രമാണ്. അതിനാൽ, സങ്കല്പം കൊണ്ടുള്ള സേവനത്തിന്റെ പാർട്ടാണ്, അതും സത്-സങ്കല്പം. ശുദ്ധ സങ്കല്പം. താങ്കളുടേതാകട്ടെ, കൂടുതലും വാണിയിലൂടെ സേവനമാണ്. മനസായുമുണ്ട്, എങ്കിലും കൂടുതൽ വാണിയുടേ താണ്. എന്നാൽ ബ്രഹ്മാബാബയുടേത് ഇപ്പോൾ സത്-സങ്കല്പത്തിന്റെ സേവനമാണ്. അപ്പോൾ തീവ്രതയി ഉണ്ടായിരിക്കു മല്ലോ. അതിനാൽ, ഇപ്പോൾ സേവനത്തിന്റെ പാർട്ട്തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്. സേവനത്തിന്റെ ബന്ധനത്തിൽ നിന്നും മുക്തമല്ല, കർമ്മ-ബന്ധനത്തിൽ നിന്നും മുക്തമാണ്.

*അവ്യക്ത ബാപ്ദാദ*

## പഠനം



ആരെങ്കിലും താങ്കളോട് എന്ത് പഠിക്കുകയാണെന്നോ എന്ത് പഠിക്കുവാൻ പോവുകയാണെന്നോ ചോദിക്കുമ്പോൾ എന്ത് ഉത്തരം നൽകുന്നു? സഹജ ജ്ഞാനവും രാജയോഗവും പഠിക്കുവാൻ പോകുന്നു എന്നാണ്. ഇത് പഠിക്കുകയാണെന്ന് ഉറപ്പാണല്ലോ? സഹജ ജ്ഞാനം എന്ന് പറയുമ്പോൾ, സഹജമായ വസ്തുവിനെ സ്വന്തമാക്കുന്നതും ധാരണ ചെയ്യുന്നതും സഹജമാണ്. അതിനാലല്ലേ സഹജ ജ്ഞാനം എന്ന് പറയുന്നത്. അപ്പോൾ, സദാ ജ്ഞാനസ്വരൂപം ആയിക്കഴിഞ്ഞുവോ? സഹജ ജ്ഞാനമായിരിക്കെ, സദാ ജ്ഞാനസ്വരൂപമാകുന്നത് പ്രയാസമാണോ? സദാ ജ്ഞാന സ്വരൂപമാകുക, ഇതാണ് ബ്രാഹ്മണരുടെ ജോലി.

*അവ്യക്ത ബാപ്ദാദ*

## നിസ്സാര തെറ്റുകൾ............

അതി സ്വച്ഛമായ വസ്തുവിന്റെയുള്ളിൽ ചെറിയൊരു അടയാളം പോലും വലുതായി കാണപ്പെടുന്നു. അതുപോലെ വർത്തമാന സമയം അതിസ്വച്ഛമായ സമ്പൂർണ്ണ സ്ഥിതിയുടെ സമീപം വന്നുകൊണ്ടിരിക്കുകയാണ്. അതിനാൽ ചെറിയൊരു തെറ്റു പോലും ഇപ്പോൾ വലിയ രൂപത്തിൽ കണക്കാക്കപ്പെടും. അതിനാൽ ഇത് ചെറിയ ചെറിയ തെറ്റുകളാണ്, ഇതൊക്കെ ഉണ്ടാകും എന്ന് ഈ കാര്യത്തിൽ അറിവില്ലാത്തവരായിരിക്കരുത്. പാടില്ല, ഇപ്പോൾ സമയം മാറിക്കഴിഞ്ഞു. സമയത്തോടൊപ്പം പുരുഷാർത്ഥത്തിന്റെ വേഗതയും മാറി. വർത്തമാന സമയമനുസരിച്ച് നിസ്സാര തെറ്റുപോലും വലിയ ദൗർബ്ബല്യത്തിന്റെ രൂപത്തിൽ കണക്കാക്കപ്പെടും. അതിനാൽ ഓരോ ചുവടിലും ജാഗ്രത. ചെറിയൊരു തെറ്റ് വളരെക്കാലത്തേയ്ക്ക് തന്റെ പ്രാപ്തിയിൽ നിന്നും വഞ്ചിക്കുന്നു. അതിനാൽ നോളജ്ഫുൾ, അതായത് ലൈറ്റ് ഹൗസും മൈറ്റ് ഹൗസും ആകൂ. അനേകം ആത്മാക്കൾക്ക് വഴി കാണിച്ചുകൊടുക്കുന്നവർ വഴിയിലൂടെ പോയ്ക്കൊണ്ടിരിക്കവെ സ്വയം നിന്നുപോകുന്നുവെങ്കിൽ, മറ്റുള്ളവർക്ക് വഴികാണിക്കുന്നതിൽ എങ്ങനെ നിമിത്തമാകുവാൻ കഴിയും? അതിനാൽ സദാ വിഘ്നവിനാശകരാകൂ.

*അവ്യക്ത ബാപ്ദാദ*

## സഫലതാമൂർത്തിയാക്കുന്ന 3 കാര്യങ്ങൾ


3 സ്വരൂപങ്ങളിലൂടെ ബാബയുടെ കാര്യം ഓർമ്മവയ്ക്കൂ. 3 സ്വരൂപങ്ങൾ എന്നാൽ നിരാകാരം, ആകാരം, സാകാരം. 3 ബന്ധങ്ങളിൽ സത് പിതാവിന്റെയും , സത് ശിക്ഷകന്റെയും, സദ്ഗുരുവിന്റെയും ശിക്ഷണങ്ങൾ സ്മൃതിയിൽ വയ്ക്കുന്നതു പോലെ 3 സ്വരൂപങ്ങളിലൂടെ 3 മുഖ്യ കാര്യങ്ങൾ സ്മൃതിയിൽ വയ്ക്കൂ. ഈ 3 സ്വരൂപങ്ങളിലൂടെ 3 വിശേഷ വരദാനങ്ങൾ ഏതെല്ലാമാണ്?

നിരാകാര സ്വരൂപത്തിന്റെ മുഖ്യ ശിക്ഷണവും വരദാനവും ഏതാണ്?
കർമ്മാതീതമായി ഭവിക്കട്ടെ.

ആകാരീ സ്വരൂപത്തിന്റെ അഥവാ ഫരിശ്താ സ്ഥിതിയുടെ വരദാനം ഏതാണ് ?
സദാ ഡബിൾ ലൈറ്റ് ആയി ഭവിക്കട്ടെ.

സാകാര സ്വരൂപത്തിന്റെ വിശേഷ വരദാനമാണ്, സാകാരത്തിനു സമാനം നിരഹങ്കാരിയും നിർവ്വികാരിയുമായി ഭവിക്കട്ടെ. ഈ 3 കാര്യങ്ങൾ സദാ സ്മൃതിയിൽ വയ്ക്കുന്നതിലൂടെ സദാ കാലത്തേയ്ക്ക് സഹജമായി സഫലതാമൂർത്തിയായി മാറും.

*അവ്യക്ത ബാപ്ദാദ*



# ആത്മാ – പരമാത്മാ ലയനം

ആത്മാവ് പരമാത്മാവിൽ ലയിച്ചു എന്ന് പറയപ്പെടുന്നത് തെറ്റായിരിക്കുന്നത് എത് രൂപത്തിലാണ് ? ഒരു വാക്ക് ഇടയിൽ നിന്നും മാറ്റി. വാക്ക് ലയനം എന്നത് മാത്രമല്ല, സ്നേഹലയനം. ഒന്ന് ലയനം, മറ്റൊന്ന് സ്നേഹലയനം. അതിസ്നേഹത്തോടെ കണ്ടുമുട്ടുന്നവരുടെ ആ സമയത്തെ സ്നേഹത്തിന്റെ കൂടിക്കാഴ്ചയെ പറയുന്ന വാക്ക് ഏതാണ്. ഇവർ രണ്ടുപേരും അലിഞ്ഞ് ഒന്നായി. അതുപോലെയാണ് മഹാരഥികളുടെ കൂടിക്കാഴ്ച. ബാബയിൽ ലയിക്കുക യെന്നാൽ ബാബയുടെ സ്വരൂപമായി. ഇങ്ങനെയുള്ള ശക്തിശാലിയായ അനുഭവം മഹാരഥികൾക്ക് കൂടുതൽ ഉണ്ടാകും. മറ്റുള്ളവർ വലിച്ചെടുക്കുന്നു. സ്നേഹവും, ശക്തിയുമെല്ലാം വലിച്ചെടുക്കാൻ പരിശ്രമിക്കുന്നു. യുദ്ധം ചെയ്ത് സമയം(അമൃതവേളയുടെ) തീർക്കും. എന്നാൽ മഹാരഥികൾ ഇരുന്നു, ലയിച്ചു. അവരുടെ സ്നേഹം അത്രയും ശക്തമാണ്, ബാബയെ തന്നിൽ ലയിപ്പിക്കും. ബാബയും കുട്ടിയും സമാനസ്വരൂപത്തിന്റെ സ്ഥിതിയിലാ യിരിക്കും. എങ്ങനെയാണോ നിരാകാരൻ, അതുപോലെ കുട്ടിയും. ബാബയുടെ ഗുണങ്ങൾ പോലെ, മഹാരഥി കളായ കുട്ടികളിലും സമാനഗുണങ്ങൾ ഉണ്ടാകും. മാസ്റ്റർ അല്ലേ. മഹാരഥികളായ കുട്ടികളുടെ കൂടിക്കാഴ്ച യെന്നാൽ സ്നേഹലയനമുണ്ടാകുക, ബാബയിൽ ലയിച്ചുചേരുക എന്നാണ്. ലയിക്കുകയെന്നാൽ സമാനസ്വരൂപം അനുഭവിക്കുക. ആ സമയത്ത് ബാബയുടെ സ്വരൂപവും ഗുണങ്ങളും മഹാരഥികളായ കുട്ടികളുടേതും തമ്മിൽ വ്യത്യാസം അനുഭവപ്പെടുകയില്ല. സാകാരത്തിലിരിക്കെ, നിരാകാര സ്വരൂപത്തിന്റെ സ്നേഹത്തിൽ മുഴുകിയിരിക്കുന്നു. അപ്പോൾ സ്വരൂപവും ബാബയ്ക്ക് സമാനമായി. സ്വരൂപം ബാബയ്ക്ക് സമാനമാ കുമ്പോൾ ഗുണങ്ങളും ബാബയ്ക്ക് സമാനം. അതിനാൽ മഹാരഥികളുടെ കൂടിക്കാഴ്ചയെന്നാൽ ബാബയിൽ ലയിക്കുക എന്നാണ്. നദി സാഗരത്തിൽ ചേർന്ന് സാഗരസ്വരൂപമാകുന്നതുപോലെ ബാബയുടെ സർവ്വ ഗുണങ്ങളും തന്നിൽ അനുഭവിക്കുന്നു. ബ്രഹ്മാവിന് സാകാരത്തിൽ ഉണ്ടായിരുന്ന അനുഭവം മഹാരഥിക ൾക്കും ഉണ്ടാകും. ഇങ്ങനെയുള്ള അനുഭവം ഉണ്ടോ? ഇതാണ് സാഗരത്തിൽ ലയിക്കുക, അതായത് തന്റെ സമ്പൂർണ്ണ സ്ഥിതി അനുഭവിക്കുക എന്നത്. ഈ അനുഭവം ഇപ്പോൾ കൂടുതൽ ആവശ്യമാണ്.

# സ്മൃതിയിലൂടെ സംസ്കാരം പരിവർത്തനം

ആത്മാവിൽ സ്മൃതിയുടെയും വിസ്മൃതിയുടെയും സ്വഭാവമുണ്ട്. ഈ സ്വഭാവം കാരണം, ഒന്നിന്റെ സ്മൃതിയുള്ളപ്പോൾ മറ്റുള്ളവ വിസ്മൃതമാകുന്നു. ഒരു വ്യക്തി ഒരു മുറിയിൽ ഉപസ്ഥിതനാകുമ്പോൾ അടുത്തമുറി യിൽ നിന്നും സ്വതവേ അനുപസ്ഥിതമായിരിക്കു ന്നതുപോലെ ആത്മാവിന്റെ സ്മൃതിയിൽ സ്ഥിതി ചെയ്യുമ്പോൾ ദേഹത്തിന്റെ വിസ്മൃതി സ്വതവേ ഉണ്ടാകുന്നു. അതിനായി പ്രത്യേക പുരുഷാർത്ഥം ചെയ്യേണ്ടി വരുന്നില്ല. അതുപോലെ ദേഹത്തിന്റെയും ദേഹ സംബന്ധികളുടെയും സ്മൃതിയിലായിരിക്കുമ്പോൾ ആത്മ വിസ്മൃതി സ്വതവേ ഉണ്ടാകുന്നു. വിസ്മൃതി എന്നതിന് അതിന്റേതായ അസ്തിത്വമില്ല. ആത്മാവിന് സ്മൃതിയിലൂടെയും സംസ്കാരമുണ്ടാകുന്നു. സ്മൃതിയും കർമ്മവും തമ്മിൽ ഗഹനമായ ബന്ധമുണ്ട്. അതിനാൽ മോശമായ കർമ്മങ്ങളിൽ നിന്നും സുരക്ഷിതരാകുവാൻ ഏത് സ്മൃതിയിലിരുന്നാലാണ് വിപരീതമായ കാര്യങ്ങൾ വിസ്മൃതമാകുന്നത് എന്ന് അറിയണം. ഈ അറിവുതന്നെ യാണ് ഈശ്വരീയ ജ്ഞാനം. വീണ്ടും വീണ്ടും സ്മരിക്കു മ്പോൾ സംസ്കാരം ദൃഢമാകുന്നു. ഒിസ്മൃതമായി രിക്കുമ്പോൾ ആ സംസ്കാരം വിലയം ചെയ്യുന്നു, ശീലങ്ങൾ മന്ദീഭവിക്കുന്നു, മനസ്സിലെ ദുഷിച്ച വൃത്തികൾക്ക് അയവ് വരുന്നു. അതിനാൽ ആത്മീയ സ്മൃതിയിൽ സ്ഥിതി ചെയ്യുന്നത് അഭ്യസിക്കുമ്പോൾ ദേഹത്തിന്റെ സ്മൃതിയുടെ ഉറച്ചുപോയ പഴയ സംസ്കാ രവും അതുമായി ബന്ധപ്പെട്ട മറ്റ് സംസ്കാരങ്ങളും അയയുന്നു. ആത്മാവിന്റെയും പരമാത്മാവിന്റെയും സ്മൃതിയിലൂടെ നമ്മുടെ ദേഹബോധത്തിന്റെ അന്ത്യമു ണ്ടാകുന്നു. ഇങ്ങനെ ശാന്തിയാകുന്ന സ്വധർമ്മത്തെ സ്മരിക്കു മ്പോൾ അശാന്തിയുടെ സംസ്കാരത്തിന്റെ അന്ത്യമുണ്ടാ കുന്നു. ആനന്ദത്തിന്റെ സ്മൃതിയിലൂടെ വിഷമത്തിന്റെയും, ചിന്തയുടെയും, വേദനയുടെയും അന്ത്യമുണ്ടാകുന്നു. പ്രേമത്തിന്റെ സ്മൃതിയിലൂടെ വെറുപ്പിന്റെ അന്ത്യമു ണ്ടാകുന്നു. പരമാത്മാവിന്റെ ഗുണങ്ങൾ സ്മരിക്കുമ്പോൾ ആത്മാവിൽ സദ്ഗുണങ്ങളുടെ വികാസം ഉണ്ടാകുന്നു. വിപരീത ഗുണങ്ങളുടെ അന്ത്യമുണ്ടാകുന്നു, പരിവർത്തന മുണ്ടാകുന്നു.

ബി.കെ ജഗദീഷ് ചന്ദർ

